പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3303 24-06-2013-ൽ മറുപടി നൽകേണ്ടത്.

## ഡെപ്യൂട്ടി കളക്ടർ തസ്തികയിലേക്കുള്ള നിയമന നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഇ. കെ. വിജയൻ | | ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി. |
| (എ) | പി.എസ്.സി. നടത്തിയ ഡെപ്യൂട്ടി കളക്ടർ (റവന്യൂ വകുപ്പ്) തസ്തികയിലേയ്ക്കുള്ള നിയമന നടപടികൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ ; | (എ) | റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി കളക്ടർ തസ്തികയിലേയ്ക്കുള്ള എഴുത്തു പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം അന്തിമഘട്ടത്തിലാണ്. മൂല്യ നിർണ്ണയം കഴിയുന്നതോടുകൂടി കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉത്തരവിനു വിധേയമായി ചുരുക്ക പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത തസ്തികയിലേക്കുള്ള പരീക്ഷ നടത്തി രണ്ട് വർഷമായിട്ടും ഫലം പ്രസിദ്ധീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ; | (ബി) | ഡെപ്യൂട്ടി കളക്ടർ തസ്തികയുടെ ഉത്തരക്കടലാസുകൾ വളരെ സൂക്ഷ്മത യോടെയാണ് മൂല്യ നിർണ്ണയം നടത്തേണ്ടത് എന്നതിനാൽ ഈ തസ്തികയുടെ ഉത്തരക്കടലാസു കളുടെ മൂല്യനിർണ്ണയം 3 തവണ നടത്തുവാനാണ് നിശ്ചയിച്ചിട്ടുള്ളത്. |
| (സി) | ഷോർട്ട് ലിസ്റ്റിൽ എത്ര പേരെയാണ് ഉൾക്കൊള്ളിക്കാൻ ഉദ്ദേശിക്കുന്നത്; | (സി) | മൂല്യ നിർണ്ണയം പൂർത്തിയായതിനു ശേഷമേ ഉൾപ്പെടുത്തേണ്ട ഉദ്യോഗാർത്ഥികളുടെ എണ്ണം സംബന്ധിച്ച തീരുമാനം എടുക്കുകയുള്ളു. |
| (ഡി) | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഫലം എന്നത്തേക്ക് പ്രസിദ്ധീകരിക്കാൻ സാധിക്കും എന്നറിയിക്കാമോ ; | (ഡി) | മൂല്യ നിർണ്ണയം പൂർത്തിയായതിനു ശേഷം മാത്രമേ ഫലം പ്രസിദ്ധീ കരിക്കാൻ കഴിയൂ. |
| (ഇ) | പ്രസ്തുത തസ്തികയിലേക്ക് പുതിയ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; വിശദാംശം നൽകുമോ ? | (ഇ) | നിലവിൽ 5 (അഞ്ച്) ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.